# പതിമൂന്നാം കേരള നിയമസഭ
# പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ടത് ചോദ്യം നം.92 12.06.2014 -ലെ മറുപടിയ്ക്ക്

## കോഴിക്കോട് സർവ്വകലാശാല വി.സി ക്കെതിരെ നടപടി

*ചോദ്യം*

ഡോ.കെ.ടി.ജലീൽ
ശ്രീ.എം.എ.ബേബി
ശ്രീ.പി.ശ്രീരാമകൃഷ്ണൻ
ശ്രീ.ജി.സുധാകരൻ

*ഉത്തരം*

ശ്രീ. പി.കെ. അബ്ദു റബ്ബ്
(ബഹു. വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ സർവ്വകലാശാലാ മേധാവികൾ നടത്തുന്ന ചട്ട വിരുദ്ധ പ്രവർത്തനങ്ങളും സാമ്പത്തിക ക്രമക്കേടുകളും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ, ഇതു സംബന്ധിച്ച് പരാതി ലഭിച്ചിട്ടുണ്ടോ, | (എ) | ഇല്ല. സർവകലാശാലകൾ സ്വയം ഭരണ സ്ഥാപനങ്ങളാണ്. പ്രസ്തുത സർവകലാശാലകളിലെ മേധാവികളുടെ നിയമനവും സേവന വേതന വ്യവസ്ഥകൾ നിർണയിക്കുന്നതുമടക്കം എല്ലാ അധികാരങ്ങളും ചാൻസലർ കൂടിയായ ബഹു.ഗവർണറിൽ നിക്ഷിപ്തമാണ്. സർവകലാശാല മേധാവികൾ നടത്തുന്ന പ്രവർത്തനങ്ങളുടെ വിലയിരുത്തൽ നടത്തേണ്ടതും ബഹു.ചാൻസലറാണ്. സർവകലാശാലകളുടെ പ്രവർത്തനം സംബന്ധിച്ച നിരവധി നിവേദനങ്ങൾ സർക്കാരിന് ലഭിക്കുകയുണ്ടായി. പ്രസ്തുത നിവേദനങ്ങൾ ഒക്കെ തന്നെയും സർവകലാശാലകളിലെ വിവിധ സംഘടനകളിൽപെട്ടവർ നൽകിയവയായിരുന്നു. |
| (ബി) | കോഴിക്കോട് സർവ്വകലാശാല വൈസ്-ചാൻസലർ പെൻഷനും ശമ്പളവും ഒരുമിച്ച് വാങ്ങുന്നുണ്ടോയെന്നും എങ്കിൽ ഇത് ചട്ടപ്രകാരമാണോയെന്നും അറിയിക്കുമോ, വൈസ് - ചാൻസലർ | (ബി) | കാലിക്കറ്റ് സർവകലാശാല ആക്ട് 1975 അദ്ധ്യായം 3 ഖണ്ഡിക 10(7) പ്രകാരം വൈസ് ചാൻസലറുടെ സേവന - വേതന വ്യവസ്ഥകൾ നിശ്ചയിക്കേണ്ടതിന്റെ പൂർണ്ണ ഉത്തരവാദിത്വം ചാൻസലറായ ബഹു.കേരള ഗവർണറിൽ |

| | | | |
|---|---|---|---|
| | കൈപ്പറ്റിയ പെൻഷനും ശമ്പളവും സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ, | | നിക്ഷിപ്തമാണ്.16.05.2012 ലെ GS3-2449/2010 നം കത്തിലൂടെ ഡോ.എം.അബ്ദുൾ സലാമിന്റെ സേവന വേതന വ്യവസ്ഥകൾ നിർണയിച്ചുകൊണ്ട് കാലിക്കറ്റ് സർവകലാശാല രജിസ്ട്രാർക്ക് ഗവർണറുടെ വിജ്ഞാപനം നൽകിയിരുന്നു. ആയതിൻ പ്രകാരമാണ് ഡോ.എം.അബ്ദുൾ സലാമിന്റെ സേവന വേതന വ്യവസ്ഥകൾ നിർണയിക്കപ്പെട്ടത്. പ്രസ്തുത ശമ്പളമാണ് കോഴിക്കോട് സർവകലാശാല വൈസ് ചാൻസലർ കൈപ്പറ്റുന്നത്. ശമ്പളവും പെൻഷനും ഒരുമിച്ച് കൈപ്പറ്റുന്നതു സംബന്ധിച്ച് വൈസ് ചാൻസലർ തന്നെ സ്പഷ്ടീകരണം ആവശ്യപ്പെട്ട് ബഹു. ചാൻസലർക്ക് സമർപ്പിച്ച അഭ്യർത്ഥന, സർക്കാരിന്റെ അഭിപ്രായം ആരായുന്നതിനായി നൽകി. ആയത് സർക്കാരിന്റെ പരിഗണനയിലാണ്. |
| (സി) | സാമ്പത്തിക ക്രമക്കേട് സംബന്ധിച്ച് അന്വേഷണം നടത്തുകയുണ്ടായോ, ഇതു സംബന്ധിച്ച് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ, | | പരിശോധനയ്ക്ക് ശേഷം മാത്രമേ തുടർ നടപടികൾ സ്വീകരിക്കാൻ കഴിയുകയുള്ളൂ. |
| (ഡി) | സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും മറ്റും സർവ്വകലാശാല ഭൂമി പതിച്ചു നൽകുന്നതിന് നടപടി സ്വീകരിച്ചതിന്റെ പേരിൽ ഈ വൈസ് - ചാൻസലർക്കെതിരെ കോടതി വമർശനം ഉണ്ടായിട്ടുണ്ടോ, വിശദാംശം ലഭ്യമാക്കുമോ, | | തൃശ്ശൂർ എൻക്വയറി കമ്മീഷൻ & സ്പെഷ്യൽ ജഡ്ജ് കോടതി മുമ്പാകെ വിവിധ വ്യക്തികൾ സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും മറ്റും സർവ്വകലാശാല ഭൂമി പതിച്ചു നൽകുന്നതിന് നടപടി സ്വീകരിച്ചതിന്റെ പേരിൽ വൈസ് - ചാൻസലർക്കും മറ്റു ഉദ്യോഗസ്ഥരെയും പ്രതിചേർത്ത് വിജിലൻസ് അന്വേഷണം നടത്തി കേസ് എടുക്കുന്നതിനായി പരാതി |

| | | | |
|---|---|---|---|
| | | | സമർപ്പിച്ചതിൽ അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കോടതി അപേക്ഷ നിരസിച്ച ഉത്തരവിൽ വൈസ് ചാൻസലർക്കെതിരെ വിമർശനങ്ങൾ നടത്തിയിട്ടുണ്ട്. |
| ഇ | ചട്ട വിരുദ്ധ പ്രവർത്തനങ്ങളുടെ ഫലമായി നിരന്തരം ആരോപണത്തിന് വിധേയമായിക്കൊണ്ടിരിക്കുന്ന വൈസ് ചാൻസലറെ തൽസ്ഥാനത്ത് നിന്നും നീക്കം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ? | ഇ | ചട്ട വിരുദ്ധ പ്രവർത്തം നടത്തിയതായി തെളിയുന്ന പക്ഷം ഉചിതമായ നടപടികൾ സ്വീകരിക്കുന്നതിനുള്ള അധികാരം ബഹു. ചാൻസലറിൽ നിക്ഷിപ്തമാണ്. |

സെക്ഷൻ ഓഫീസർ